Break the chain

വനിത ശിശുവികസന വകുപ്പ്

150 വർഷം മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ**
**(ഹാജർ: :ശ്രീമതി. അദീല അബ്ദുള്ള., ഐ.എ.എസ്, വനിതാ ശിശു വികസന ഡയറക്ടർ)**

വിഷയം:- വനിതാ ശിശുവികസന വകുപ്പ് - ഐ.സി.പി.എസ് - കാസർഗോഡ് സ്വദേശി ഹരിനന്ദ് എന്ന കുട്ടിക്ക് ബാലനിധി ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1) കാസർഗോഡ് ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നമ്പർ:DCPU/KSD/1279/2021 തീയതി :07.09.2021

================================================================================
====

**ഉത്തരവ് നമ്പർ: ICPS-4(A)/11461/2021 തീയതി: 08.10.2021**

================================================================================

കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട്,കക്കുന്നത്ത് വീട്ടിൽ ശ്രീ.ഹരീശൻ, ശ്രീമതി.സുനിത എന്നീ ദമ്പതികളുടെ മകനായ ഹരിനന്ദ് വി.വി എന്ന കുട്ടി വീട്ടിൽ കളിക്കുന്ന സമയത്ത് രക്തം ഛർദ്ദിക്കുകയും തുടർന്ന് പരിയാരം മെഡിക്കൽകോളേജിൽ എത്തിക്കുകയും നില ഗുരുതരമായതിനാൽ മംഗലാപുരം ഇന്ത്യാന ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയും,തുടർന്നുള്ള പരിശോധനയിൽ കുട്ടിക്ക് കരളിലെക്കുള്ള പ്രധാനപ്പെട്ട രക്തകുഴലിൽ ബ്ലോക്ക് ഉണ്ടെന്നും,വിദഗ്ധ ചികിത്സ ആവശ്യമായതിനാൽ കുട്ടിയെ എറണാകുളത്തുള്ള ആസ്റ്റർ മെഡിസിറ്റിയിൽ പ്രവേശിപ്പിക്കുകയും 5 ദിവസത്തെ ആശുപത്രി വാസത്തിന് ശേഷം ഡിസ്ചാർജ് ആയി വീട്ടിലെത്തിയെങ്കിലും തുടർ ചികിൽസ നടത്തിവരികയാണ്.നിലവിൽ നടത്തിവരുന്ന ചികിത്സയിൽ പുരോഗതിയില്ലെങ്കിൽ ഓപ്പറേഷൻ വേണ്ടി വരുമെന്നും ഇതുവരെയായി കുട്ടിയുടെ ചികിത്സയ്ക്കായി 1,50,000/-രൂപ ചിലവായി എന്നും കുടുംബത്തിന് നിലവിൽ മറ്റ് കാര്യമായ വരുമാന മാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ല എന്നും, നിലവിൽ കുടുംബത്തിൻറെ സാമ്പത്തിക സ്ഥിതി വളരെ മോശം ആണ് എന്നും ഇനിയും ദീർഘനാൾ ചികിത്സ തുടരേണ്ട തുള്ളതിനാൽ കുട്ടിക്ക് ബാലനിധിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ച് നൽകണമെന്ന് കാസർഗോഡ് ജില്ലാ ശിശു സംരക്ഷണ ഓഫീസർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട്,കക്കുന്നത്ത് വീട്ടിൽ ശ്രീ.ഹരീശൻ, ശ്രീമതി.സുനിത എന്നീ ദമ്പതികളുടെ മകനായ ഹരിനന്ദ് വി.വി യുടെ കുടുംബത്തിലെ നിലവിലെ സാഹചര്യം പരിഗണിച്ച് ജെ.ജെ.ആക്റ്റിൻറെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്ട് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും നിലവിൽ ലഭ്യമാക്കിയ ബില്ലുകളുടെ അടിസ്ഥാനത്തിൽ **74,271/-രൂപ (എഴുപത്തിനാലായിരത്തി ഇരുന്നൂറ്റി എഴുപത്തി ഒന്ന് രൂപ മാത്രം )** അനുവദിച്ച് കൊണ്ട് ഉത്തരവാകുന്നു.

ടി തുകയായ **74,271/-രൂപ (എഴുപത്തിനാലായിരത്തി ഇരുന്നൂറ്റി എഴുപത്തി ഒന്ന് രൂപ മാത്രം )** കാസർഗോഡ് വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ടുമെന്റായി ജെ.ജെ. ഫണ്ടിൻറെ ശീർഷകമായ 2235-02-106-91(P)-യിൽ നിന്നും നൽകേണ്ടതാണ്. വനിത ശിശു വികസന ഓഫീസർ തുക അലോട്ടുമെന്റായി കാസർഗോഡ് ജില്ല ശിശുസംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

***വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ & മെമ്പർ സെക്രട്ടറി (എസ്.സി.പി.എസ്)***

**ജില്ലാ വനിത *ശിശു* വികസന ഓഫീസർ,**
**കാസർഗോഡ്**

പകർപ്പ്

1. ജില്ല ശിശു സംരക്ഷണ ഓഫീസർ, കാസർഗോഡ്
2. സൂപ്രണ്ട്, A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
3. ICPS 4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM-12
WOMEN & CHILD DEVELOPMENT DEPARTMENT